# A.V.S.G.H.S.S KARIVELLUR

## DIGITAL MAGAZINE
## LITTLE KITES 2019-20

# petals



little KITEs

## ഉള്ളടക്കം

എഡിറ്റോറിയൽ ബോർഡ്........3
ആശംസ........4
എഡിറ്റോറിയൽ........5
ഏ.വി സ്മാരക ഗവ.ഹയർസെക്കന്ററി സ്കൂൾ........6
നാൾവഴികൾ........6
ബുള്ളറ്റ്........10
ഒത്തൊരുമിക്കാം........12
നല്ല നാളേക്കായ്........12
മാതൃവ്യഥ........17
ഓർക്കാൻ മറന്നത്........19
Brave Sons Our Mighty Warriors........20
Drama of life........21
Vanished Tears........22
വളപ്പൊട്ടുകൾ........25
പുതുമഴ........26
സെമിനാർ റിപ്പോർട്ട്........28
പോളീഹൗസ് ഫാമിംഗ്........28
കൃഷി അന്നും ഇന്നും........28
പോളീഹൗസ് നിർമാണത്തിന് ശ്രദ്ധിക്കേണ്ടത്........28
പോളീഹൗസ് നിർമാണം........28
പോളീഹൗസിനുള്ളിലെ കൃഷി........28
അലതല്ലി........34
Digital Paintings........36

# എഡിറ്റോറിയൽ ബോർഡ്

## ചെയർമാൻ

പി.കെ.ഭരതൻ മാസ്റ്റർ

## കൺവീനർ

ബാബു.പി.കെ.

## ചീഫ് എഡിറ്റർ

സബിത.പി.

## സ്റ്റുഡന്റ് എഡിറ്റർ & ഡിസൈനർ

ദ്രുപക് വി.പി.

## ഉപദേശക സമിതി

ജയസൂര്യൻ പി.സി.

സന്തോഷ്.കെ.

വി.പി.നൂർജഹാൻ

ലൈല.കെ.വി.

## മാഗസിൻ കമ്മിറ്റി അംഗങ്ങൾ

പ്രയാഗ് ബാബു

പ്രണവ് മധു

യദു കൃഷ്ണൻ.ടി.പി.

ലിയാഖത്ത് സുൽഫീക്കർ.എം.ടി.പി.

## ഡിജിറ്റൽ പെയിന്റിങ്ങ്

സുരാജ് ടി.വി.

# ആശംസ

കരിവെള്ളൂർ എ.വി.സ്മാരക ഗവ:ഹയർസെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ തയ്യാറാക്കുന്ന 'പെറ്റൽസ് ' ഡിജിറ്റൽ മാഗസിന് എല്ലാ വിധ ആശംസകളും നേരുന്നു. കുട്ടികളുടെ വിവിധ മേഖലകളിലുള്ള സർഗാത്മകതയും ഐ.ടി.നൈപുണിയും ചേർന്നുണ്ടാകുന്ന 'പെറ്റൽസ് ' ഒരു ഉത്തമ സൃഷ്ടിയാകട്ടെ....



**- പി.കെ.ഭരതൻ മാസ്റ്റർ,**

**HM, എ.വി.എസ്.ജി.എച്ച്.എസ്.എസ്. കരിവെള്ളൂർ**

# എഡിറ്റോറിയൽ

ആധുനികവിദ്യാഭ്യാസരംഗത്ത് സാങ്കേതികവിദ്യ വളരെയധികം ഉപയോഗപ്പെടുത്തിക്കൊണ്ടു ള്ള സർക്കാർ ഹൈടെക്ക് വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി സ്കൂളിൽ തുടങ്ങിവച്ച "LITTLE KITES"യൂണിറ്റിന്റെ പ്രവർത്തനം ഏറെ ശ്ലാഘനീയമാണ്. 2018 മുതൽതന്നെ 9ാം തരത്തിലെ വിദ്യാർഥികളെ ഉൾപ്പെടുത്തിയുള്ള"LITTLE KITES" യൂണിറ്റിന്റെ പ്രവർത്തനം സ്കൂളുകളിൽ ഏറെ ചലനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. കമ്പ്യൂട്ടർലാബിലും ഫോട്ടോഗ്രാഫിക്ക് തുടങ്ങിയ വിവിധമേഖലകളിൽ കുട്ടികളുടെ സേവനം വിലപ്പെട്ടതാണ്. കുട്ടികൾതന്നെ മുൻകൈയെടുത്തുകൊണ്ടുള്ള മറ്റൊരു പ്രവർത്തനമാണ് "ഡിജിറ്റൽ മാഗസിൻ".

സ്കൂളിന്റെ ചരിത്രം മുതൽ വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും സൃഷ്ടികൾ ഉൾപ്പെടുത്തിയുള്ള മാഗസിൻ ഏറെ പ്രശംസനീയമാണ്. ഈ വർഷവും വ്യത്യസ്ത സൃഷ്ടികളുമായി "PETALS DIGITAL MAGAZINE"താളുകളിലേക്ക്........

# എ.വി സ്മാരക ഗവ.ഹയർസെക്കന്ററി സ്കൂൾ

## നാൾവഴികൾ

1958 ജൂൺ 24 ആദ്യ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയാണ് കരിവെള്ളൂരിന് ഈ സർക്കാർ വിദ്യാലയം അനവദിച്ചത്. അപ്പർ പ്രൈമറി ക്ലാസിനപ്പുറം പഠിക്കാൻ സാഹചര്യമില്ലാതിരുന്ന കരിവെള്ളൂരിന്റെ കുട്ടികൾക്ക് ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുള്ള സൗകര്യം ആരംഭിക്കണമെന്ന സഖാവ് എ.വി.കുഞ്ഞമ്പുവിന്റെ നേതൃത്വത്തിലുള്ള കമ്മറ്റിയുടെ ദീർഘവീക്ഷണത്തോടെയുള്ള



പ്രവർത്തനങ്ങളുടെ ഫലമായാണ് ഈ വിദ്യാലയം ഓണക്കുന്നിൽ സ്ഥാപിതമായത്.

1958-ൽ പ്രവർത്തനമാരംഭിച്ച സ്കൂളിലെ ആദ്യബാച്ചിൽ 35 കുട്ടികളാണ് ഉണ്ടായിരുന്നത്.ശ്രീ.കെ.ടി.എൻ സുകുമാരൻ നമ്പ്യാരായിരുന്നു ആദ്യ അധ്യാപകൻ.ആദ്യവർഷം പള്ളിക്കൊവ്വലിലെ ഭക്തർസ്വാമിയുടെ കെട്ടിടത്തിലും അതിനോട് ചേർന്നുള്ള ചായ്പ്പിലുമായിരുന്നു ക്ലാസ്സുകൾ നടത്തിയിരുന്നത്.രണ്ട് വർഷത്തിന് ശേഷമാണ് ഓണക്കുന്നിൽ ഇപ്പോൾ സ്ഥിതിചെയ്യുന്ന സ്ഥലത്തേക്ക് മാറ്റിയത്.പിന്നീട് സ്കൂളിന് നല്ലകെട്ടിടം പണിയണമെന്ന ലക്ഷ്യത്തോടെ കെടിടനിർമ്മാണകമ്മറ്റി രൂപീകരിച്ച് പ്രവർത്തമാരംഭിച്ചു. ഏ.വി കുഞ്ഞമ്പു പ്രസിഡന്റും കെ.ഗോവിന്ദൻനായർ സെക്രട്ടറിയും കെ ഗോവിന്ദൻ വൈസ് പ്രസിഡന്റും തോട്ടേൻവളപ്പിൽ കുഞ്ഞിരാമൻ ട്രഷററുമായ കമ്മറ്റിയെ യോഗം തിരഞ്ഞെടുത്തു. സ്കൂൾ കെട്ടിടം പണിയുന്നതിന് സ്ഥലവും പണവും കണ്ടെത്തുന്നതിന് ശ്രമകരമായ ദൗത്യമാണ് കമ്മറ്റി ആദ്യം ഏറ്റെടുത്തത്.കരിവെള്ളൂരിലെ അധ്യാപകർ അവരുടെ ഒരുമാസത്തെ ശമ്പളം സ്കൂൾ നിർമ്മാണനിധിയിലേക്ക് സംഭാവന നൽകുകയുണ്ടായി. കർഷകരും ബീഡിത്തൊഴിലാളികളും സാധാരണക്കാരുമായ ഈ ദേശത്തെ ഓരോരുത്തരും തങ്ങളാലാകുന്ന സാമ്പത്തിക സഹായം സ്കൂൾ നിർമ്മാണ ഫണ്ടിലേക്കു ഉദാരമായി സംഭാവന ചെയ്യുകയുണ്ടായി.

പുതിയവളപ്പിൽ കുമാരൻകാരണവരുടെ കൈവശമുണ്ടായിരുന്ന സ്ഥലം നാമമാത്രമായ തുകയ്ക്ക് സ്കൂൾ നിർമ്മാണക്കമ്മറ്റിക്ക്കൈമാറുകയുണ്ടായി.വാണിയസമുദായത്തിന്റെ അധീനതയിലുണ്ടായിരുന്ന സ്ഥലം കമ്മിറ്റി കണ്ടെത്തി നൽകിയ മറ്റൊരു സ്ഥലവുമായി വച്ച് മാറിക്കൊണ്ട് അവരും നിർമാണ കമ്മിറ്റിയുമായി സഹകരിച്ചു.ശ്രീ.ടികുഞ്ഞികൃഷ്ണപ്പൊതുവാൾ അദ്ദേഹത്തിന്റെ പേരിലുണ്ടായിരുന്ന സ്ഥലം കമ്മിറ്റിക്ക് സൗജന്യമായി വിട്ടുനൽകി.ഇങ്ങനെ സ്കൂൾ കാമ്പസിനായി എട്ടേക്കറോളം സ്ഥലം ലഭിക്കുകയുണ്ടായി.



ജീവിതത്തിന്റെ വലിയൊരു പങ്കും ഈ വിദ്യാലയത്തിന്റെ നിർമ്മാണത്തിനും അഭിവൃദ്ധിക്കും വേണ്ടി മാറ്റിവെച്ച ശ്രീ.ഏ.വി.കുഞ്ഞമ്പുവിന്റെ പേരിലാണ് ഈ വിദ്യാലയം

അറിയപ്പെടുന്നത്. അദ്ദേഹത്തിന്റെ മഹത്തായ സേവനങ്ങൾക്കുള്ള അംഗീകാരം എന്ന നിലയ്ക്കാണ് 1987 ജൂൺ രണ്ടിന് കരിവെള്ളൂർ ഗവൺമെന്റ് ഹൈസ്കൂൾ ആയി നാമകരണം ചെയ്യപ്പെട്ടത്.

1992 സെപ്റ്റംബറിലാണ് ഇവിടെ ഹയർ സെക്കന്ററി ആദ്യ ബാച്ച്(സയൻസ്) തുടങ്ങിയത്. പിന്നീട് 2004-ൽ കൊമേഴ്സ് ബാച്ചും, 2006-ൽ ഹ്യൂമാനിറ്റീസും ആരംഭിച്ചു. ഹൈസ്കൂൾ വിഭാഗത്തിൽ 822-ഉം ഹയർ സെക്കന്ററി വിഭാഗത്തിൽ 497 -ഉം കുട്ടികളാണ് ഈ വർഷം ഇവിടെ ഉള്ളത്. അക്കാദമികതലത്തിലും പാഠ്യേതര തലങ്ങളിലും ഏറ്റവും തിളക്കമാർന്ന നിലവാരം പുലർത്തിപ്പോരുന്ന ഈ സർക്കാർ വിദ്യാലയം സംസ്ഥാനതലത്തിൽ തന്നെ ഏറ്റവും കീർത്തി നേടിയിട്ടുള്ള പൊതുവിദ്യാലയമാണ്.

# ബുള്ളറ്റ്

ഭയമായിരുന്നു അവർക്ക്
അവളെ .....
വാക്കുകളിൽ
ബോംബ് സൂക്ഷിച്ചവളെ.....
പേനകളിൽ
ചോര
നിറച്ചു വച്ചവളെ.....
തിരക്കിനിടയിൽ
തനിച്ച്,വേറിട്ട്
അവൾ നടന്നിരുന്നു.
നോവുകല്ല,
ഇടിമുഴക്കങ്ങൾ
ആ നാവ്
ഉതിർത്തു കൊണ്ടിരുന്നു.

ആവിഷ്കാരത്തിന്
നല്ല മഴയെപ്പോലെ
വരേണ്ടതപ്പോൾ,
പോവേണ്ടതെപ്പോൾ
എന്നറിഞ്ഞുകൂടായിരുന്നു.
വൃദ്ധിക്ഷയങ്ങൾ....

## ആരോഹണാവരോഹണങ്ങൾ....

തിരക്കിനെ അവർ
വെറുത്തു.
അതുകൊണ്ട്
മാളങ്ങളിൽ,പൊത്തുകൾക്കിടയിൽ
വച്ചവർ
കൂടിയാലോചിച്ചു.

അന്നായിരുന്നു,
അവളുടെ തോട്ടത്തിലെ
വെളുത്ത കടലാസു
പൂക്കൾ ചുവന്നു
തുടുത്തത്.
ആൾക്കൂട്ടത്തിൽ
തനിയെ
നടക്കാനെനിയാര് ?
തിരക്കാനെനി അതു
മാത്രം ബാക്കി.



*ആവിഷ്കാര സ്വാതന്ത്ര്യത്തിന് വേണ്ടി പോരാടി വെടിയേറ്റ് മരിച്ച ഗൗരി ലങ്കേഷിന് കവിത സമർപ്പിക്കുന്നു .*

**മിഴി വി.പി.**

10 A

# ഒത്തൊരുമിക്കാം

# നല്ല നാളേക്കായ്

ഇന്ന് നാം അഭിമുഖീകരിക്കുന്ന വിഷയങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതും ആശങ്കയുണർത്തുന്നതുമായ ഒന്നാണ് പരിസ്ഥിതി മലിനീകരണവും മനുഷ്യൻെറ കടന്നുകയറ്റവും.
ആഡംബരജീവിതശൈലിയിലേക്ക് അനുദിനം നാം അതിക്രമിക്കുന്നു.അതിൻെറ ദൂഷ്യഫലമായികേരളം കഴിഞ്ഞ 2 വർഷങ്ങളിൻ തുടർച്ചയായി പ്രളയമെന്ന മഹാദുരന്തത്തിൻെറ കെണിയിൽ അകപ്പെട്ടിരിക്കുന്നു.പരിസ്ഥിതിയുടെ സന്തുലിതാവസ്ഥയെ തന്നെ മാറ്റിമറിക്കുകയാണ് മനുഷ്യൻെറ ഇത്തരം കൊടുംക്രൂരതകൾ.നമ്മുടെ സംസ്കാരത്തിൽ ഇഴകിച്ചേരാത്ത നൂതനസാങ്കേതികവിദ്യകൾക്കും രണ്ട് വശങ്ങൾ ഉണ്ടെന്ന് ഇത്തരം ദുരന്തങ്ങൾ ആവർത്തിച്ച് പറയുന്നു. ചപ്പുചവറുകളും മണ്ണിൻെറ കൊലയാലിയായ പ്ലാസ്ററിക്കും മററു അജൈവവസ്തുക്കളും പ്രകൃതിയുടെ തനത് സംസ്കാരത്തെ മാററിമറിക്കുന്നു.

എന്നാൽ യാതൊരു സാങ്കേതികവിദ്യകളുടെയും ആവിർഭാവം വന്നില്ലായിരുന്ന ഒരു കാലം ഈ തലമുറയ്ക്കും ഉണ്ടായിരുന്നു.അനുദിനം സാങ്കേതികവിദ്യകൾ വികസിച്ചു-വരുമ്പോഴും നമ്മുടെ പരിസ്ഥിതിയുടെ മുഖം മലിനമായി വരുകയാണ്.കേരളത്തിൽ ഇന്ന് മലിനമാകാത്ത ഇടങ്ങളില്ല. ഈ മലിനീകരണത്തിൻെറ പ്രധാന ഉറവിടം മലയാളികൾ തന്നെയാണ്.

ഒരു ദുരന്തമുഖത്ത് നിൽക്കുമ്പോഴും പ്ലാസ്ററിക്കിൻെറയും മററ് വസ്തുക്കളുടെയും ഉപയോഗം തീവ്രമായി വർധിക്കുന്നു.പരിസ്ഥിതി-യുടെ യഥാർത്ഥ ഭാവത്തെ മാററിമറിക്കുന്ന തരത്തിലുള്ള ഇത്തരം വസ്തുക്കളുടെ ഉപയോഗം കുറയ്ക്കുന്നതിനെ ചൊല്ലി അന്താരാഷ്ട്ര-തലത്തിൽ സ്ഥാപിക്കപ്പെട്ട ഒരു സംഘടനയാണ് ഗ്രീൻപീസ്. ലോകപരിസ്ഥിതിദിനമായ ജൂൺ-5 ൽ നാം മാനവരാശി ഒന്നടങ്കം ഈ പ്രശ്നത്തെ അതിജീവിക്കാൻ ഒററക്കെട്ടാകുന്നു. എങ്കിലും ആ ഒരു അതിജീവനമാർഗ്ഗം മറന്നുവെന്നതിൻെറ ഉത്തമ ഉദാഹരണമാണ് പ്രളയവും അതിനോടനുബന്ധിച്ചുണ്ടായ ഉരുൾപ്പോട്ടലും മററു പ്രകൃതിക്ഷോഭങ്ങളും.പുതിയ തലമുറകളായ നാം വിദ്യാർഥികളും ഈ പ്രശ്നം സൃഷ്ടിക്കുന്നു.അനാവശ്യമായ പ്രകൃതിയിലേക്കുള്ള കടന്നുകയററങ്ങൾ തടയേണ്ടത് അനിവാര്യം തന്നെ.

നമ്മെ കാക്കുന്ന പ്രകൃതിയുടെ ജീവിതം നാം ദുരിതപ്പെടു-ത്തുന്നത് നമുക്ക് തന്നെ വലിയൊരു വെല്ലുവിളി സൃഷ്ടിക്കുന്നു.ഭൂമി-യെ ഒന്നടങ്കം കാർന്നുതിന്നാൻ ജെ.സി.ബി.എന്ന കൊലയാളി ഉത്ഭവിച്ചത് മനുഷ്യനിൽ നിന്ന് തന്നെ.ഇരുന്ന കൊമ്പ് മുറിക്കുക എന്ന ശൈലി പോലെ മണ്ടത്തരമാണ് നേട്ടമെന്ന് കരുതുന്ന ഈ യന്ത്രത്തിൻെറ വരവ്.ഇത് ഭൂമിയുടെ നിലനിൽപ്പിനു തന്നെ വലിയ വെല്ലുവിളി ഉയർത്തുന്നു.

കുന്നിടിച്ചും പുഴകൾ പോലുള്ള ജലസ്രോതസ്സുകൾ നശിപ്പിച്ചും വയലുകളും മററു പ്രകൃതി വരദാനങ്ങളും ഇല്ലാതാക്കി-യും നാം പ്രകൃതിയെ പിളർക്കുകയാണ്.പ്ലാസ്ററിക്കെന്ന കൊല-യാളിയുടെ അമിതോപയോഗവും മണ്ണിലേക്ക് വലിച്ചെറിയുന്നതും നമ്മെ തന്നെ ഭീതിപ്പെടുത്തുന്നു.അതോടെ മണ്ണ് നിർജീവമാകും. വന്ധ്യത അനുഭവിക്കാനത് പ്രാപ്തമാകുന്നു.

കേരളീയപ്രകൃതിയുടെ തനത് മുഖത്തെ മാററിമറിക്കുന്ന

ഇത്തരം പ്രവർത്തനങ്ങളെ അതിജീവിക്കാൻ നമുക്ക് ഒത്തിരി വെല്ലുവിളികളെ മറികടക്കേണ്ടിവരുന്നു.വററിവരണ്ട് ദാഹനീരി–നായി കൊതിക്കുന്ന പുഴകളും പച്ചപ്പ് തേടുന്ന കുന്നുകളും പൂക്കൾ കൊണ്ട് വർണാഭമായ പ്രകൃതിയെ തേടുന്ന കുഞ്ഞാവണികളും ഏറെ.ഇന്ന് നമുക്കനുഭവപ്പെടുന്ന പരിസ്ഥിതി മലിനീകരണത്തി–ൽ വായുമലിനീകരണവും ഏറെ പ്രാധാന്യമർഹിക്കുന്നതാണ്. വാഹനങ്ങളിൽ നിന്നുള്ള അമിതപുകയും ഫാക്ടറികളിൽ നിന്നുള്ള മററ് അനിയന്ത്രിത വിഷവാതകങ്ങളും വായുമലിനീകര–ണത്തിൽ പങ്കാളികളാകുന്നു.അതിനെ മറികടക്കാൻ നൂതന സാങ്കേതികവിദ്യകൾ ഒരുങ്ങികഴിഞ്ഞിരിക്കുന്നു.പരിസ്ഥിതി മലിനീകരണത്തിനുതകാത്ത വാതകങ്ങളും മററു വാഹനങ്ങളിലും ഫാക്ടറികളിലും ഉപയോഗിച്ച് പുതിയ തലമുറ ഇതിനൊരു പ്രതിവിധി സൃക്ഷിച്ചിരിക്കുന്നു.വായു പോലെ മലിനമായ ഒന്നാണ് ജലം.ഭൂമിയിൽ ജലത്തിൻെറ അളവ് വളരെ കൂടുതലാണ്. അതിൽ ശുദ്ധജലം വളരെ കുറവാണ്.ആ ശുദ്ധജലം ഇന്ന് മററ് മലിനീകരണവസ്തുക്കളാൽ നിറഞ്ഞിരിക്കുന്നു.ഉപയോഗശൂ–ന്യമായ എല്ലാം തള്ളാനുള്ള ചവിട്ടുകൊട്ടയായാണ് പ്രകൃതിയെ മനുഷ്യർ കണ്ടിരിക്കുന്നത്.ഇത്തരം വസ്തുക്കളാൽ നിറഞ്ഞ പ്രകൃതി–യെ മനുഷ്യർ സ്വന്തം കൈപ്പിടിയിലൊതുക്കാൻ ശ്രമിക്കുന്നു.

മാനവരാശി ഇത്തരം വെല്ലുവിളികളെ നേരിടുമ്പോഴും അതിൻെറ പ്രതിവിധിക്കായി കൂട്ടായി പ്രവർത്തിക്കുന്നു.രോഗം വരുന്നതിനു മുൻപ് അതിനെ അതിജീവിക്കണമെന്ന പോലെ നാം ഭൂമിയെ ഇനി മലിനീകരണത്തിൽനിന്നും കരകയററണം. പരിസ്ഥിതി മലിനീകരണത്തെ തടയാൻ കവികളും എഴുത്തുകാ–രും ശ്രമിക്കുന്നു.അതിനൊരുദാഹരണമാണ്,

"ഇനി വരുന്നൊരു തലമുറയ്ക്ക്
ഇവിടെ വാസം സാധ്യമോ!"

എന്ന ഇഞ്ചിക്കാട് ബാലചന്ദ്രന്റെ വരികൾ പോലെ ആശങ്കയു–
ണർത്തുകയാണ് ഇന്നത്തെ മാനവരാശിയുടെ പ്രവർത്തനങ്ങൾ.
നാം കഴിഞ്ഞ് ആരും ഈ ഭൂമിയിൽ ജീവിക്കരുതെന്ന തരത്തി–
ലാണ് പുതുതലമുറ പ്രകൃതിയെ കാണുന്നത്.മലിനീകരണത്തി–
ന്റെ പിടിയിലകപ്പെട്ട നാം കരകയറാൻ കൊതിക്കുന്ന ഒത്തിരി
പ്രവർത്തനങ്ങളിൽ മുഴുകിയിരിക്കുന്നു.അതിന്റെ ഉത്തമ
ഉദാഹരണമാണ് പരിസ്ഥിതി ദിനത്തിലുള്ള മരങ്ങൾ നടുന്ന
പ്രവർത്തനവും ചുററുപാട് വൃത്തിയാക്കലും.

ഭാവിയുടെ വാഗ്ദാനങ്ങളായ നാം വിദ്യാർഥികൾ ഈ
ഈ മലിനീകരണത്തെ അതിജീവിക്കാൻ വളരെ പ്രാപ്തരാണ്.
ജലം,വായു,പ്രകൃതി എന്നീ മൂന്ന് പ്രകൃതിവരദാനങ്ങളെയും ബാ–
ധിച്ച മലിനീകരണത്തെപ്പററിമററുള്ളവരെ ബോധ്യവാന്മാരാക്കിയും
അതിനുള്ള പ്രവർത്തനങ്ങളിൽ അവരെ ഏകോപിപ്പിച്ചും നാം
നാം വിദ്യാർഥികൾ മാതൃകയാവേണ്ടതും അനിവാര്യമാണ്.മനുഷ്യ–
രുടെ മലിനീകരണങ്ങൾ ബാധിക്കുന്നത് സൂര്യകിരണങ്ങളിൽ നിന്നും നമ്മെ
രക്ഷിക്കുന്ന ഓസോൺപാളിക്കുവരെയാണ്.
ഇന്നത്തെ എല്ലാ പ്രകൃതിഭാവത്തെയും പററി വളരെ അറിവുള്ള
നാം വിദ്യാർഥികൾ ഒന്നടങ്കം പരിശ്രമിച്ചാൽ നിഷ്പ്രയാസം
അതിജീവിക്കാവുന്ന ഒരു പ്രതിസന്ധിയാണ് മലിനീകരണം.
പരിശ്രമത്തിന് മടി കാണിക്കാതെ ഒരുങ്ങാൻ വിദ്യാർഥികൾ എ–
ന്നിറങ്ങുന്നുവോ അന്ന് ഈ രാജ്യമല്ല,ഈ പ്രകൃതി മുഴുവനായും
മലിനീകരണത്തെ അതിജീവിക്കും.

പരിസ്ഥിതി ബോധം വിദ്യാർഥികളിൽ ഉണർത്തേണ്ടത്
വളരെ പ്രാധാന്യമർഹിക്കുന്നതോടൊപ്പം പ്രകൃതിയുടെ നിലനി–
ൽപ്പിന് വളരെ ദൃഢതയും നൽകുന്നു.പരിസ്ഥിതി സൗഹാർദ്ദ–
പദ്ധതികളിൽ പങ്കാളികളായും മലിനീകരണത്തെ അതിജീവിച്ച
പ്രകൃതിയെ വാർത്തെടുത്തും പ്രകൃതിയുടെ നാശത്തിനുതകുന്ന

പ്രവർത്തനങ്ങളെ നിയന്ത്രിച്ചും എല്ലാ വിദ്യാർഥികൾക്കും മുന്നേ-
റാനും ആ ദൗത്യത്തിൽ വിജയം കൈവരിച്ച് നല്ല ഒരു ഭാവി
പ്രകൃതിയെ സൃഷ്ടിക്കാനും വിദ്യാർഥിസമൂഹം ഒത്തൊരുമിക്കേണ്ട
അവസ്ഥ അതിക്രമിച്ചിരിക്കുന്നു.ഒത്തൊരുമിക്കാം നല്ല
നാളേക്കായ്,അതിജീവിക്കാം ഈ മലിനീകരണത്തെ.

*അവന്തിക രാജ് 8 I*

# മാതൃവ്യഥ

അതായിരുന്നു നമ്മുടെ ആദ്യ വേർപാട്

നീ എന്റേതുമാത്രമല്ലാതാകുന്ന ആദ്യനിമിഷം!

അന്നാ ആശുപത്രിക്കിടക്കയിൽ

ബോധരഹിതയായി കിടക്കവെ-

യെൻമനം നിന്നെക്കാണാൻ കൊതിച്ചു

കൈകളിലെടുത്തു താലോലിക്കുവാൻ

നിൻ കവിളിലായിരമുമ്മ തന്നീടുവാൻ

നിന്റെ ആദ്യകരച്ചിൽ ഞാൻ കേട്ടു

പുളകം കൊണ്ടു ഹൃത്തടം

മറ്റൊന്നുമോർത്തില്ല ഞാൻ;അല്ല എനിക്കോർക്കാൻ കഴിഞ്ഞില്ല

നിന്റെ പൊക്കിൾക്കൊടിയറുത്തവർ

നിന്നെ എന്റേതല്ലാതാക്കി

ആദ്യ വേർപാടിന്റെ വേദന

നിന്നെ കരയിച്ചുവോ പൈതലേ?

ഞാനറിഞ്ഞില്ല ;നിന്റെ കരച്ചിൽ

എനിക്കന്ന് സന്തോഷമേകി

ഹൃദയം പുളകമണിഞ്ഞു

ഞാനറിഞ്ഞില്ല ;നിന്നച്ഛനുപോലും നീ

അന്യം നിന്നവളാകുന്നതിനാദ്യ

തേങ്ങലായിരുന്നോ അത്!



സൈ്വര്യഗേഹത്തിൽ നിന്നും

ഞാൻ നിന്നെ പുറത്താക്കി

സ്വാർത്ഥയാണു  ഞാൻ മോളേ

മാപ്പേകുക മാതാവിന്

ഇനിയുമെത്ര കാലവും പേറാം

ഒരു പോറൽപോലുമേൽക്കാതെ

കാത്തുകൊണ്ടീടാം.....

മറ്റൊരുവേർപ്പാടിനുമാവില്ല കുഞ്ഞേ

മറ്റൊരുന്നാവിനും കൊടുക്കാതെ

യുഗങ്ങളോളം കാക്കാം നിന്നെ ഞാൻ

അറിഞ്ഞതില്ല ഞാനീ മാനവകുലം

വന്യമായിപ്പോയതൊട്ടും

-പി.വി.വസന്ത

**HST English**

# ഓർക്കാൻ മറന്നത്

ഭൂമി ആസന്നമരണയായിരിക്കുന്നുവെന്ന് ഒ.എൻ.വി
പുഴ അഴുക്കുചാലായി മാറുമോ എന്നാശങ്കപ്പെട്ട് ഇടശ്ശേരി
കാടെവിടെ മക്കളെ എന്ന് പരിതപിച്ച് അയ്യപ്പപണിക്കർ
മരത്തിന് സ്തുതിയോതി സുഗതകുമാരി
സഹജീവികളെ കാത്തോള്ളൂ ഇല്ലെങ്കിൽ
ഒന്നടങ്കം ചാവുമെന്ന് ബഷീർ
കവികൾ ക്രാന്തദർശികളെന്ന് പഠിപ്പിച്ച് മാഷമ്മാർ
എല്ലാം പഠിച്ചു പരീക്ഷയിൽ മാർക്കും വാങ്ങി
പിന്നെ... പുഴയുടെ നെഞ്ചകം മാന്തിയെടുത്തു
ശ്വാസവായു തരുന്ന മരങ്ങളെ മഴുകൊണ്ടില്ലാതാക്കി
സഹജീവികളെ മറന്നു. ഭൂമിയെ ഇഞ്ചിഞ്ചായി
കൊന്ന് കീശനിറച്ചു.
കവി മുന്നെ കണ്ടതെല്ലാം ഇവർ ഇപ്പോൾ
കൺതുറന്ന് കാണുകയാണ്.

-ലൈല കെ.വി.
HST malayalam

# Brave Sons Our Mighty Warriors

Warriors of our nation,
Mighty and matchless,
Brave sons so fear less
Pierced the enemy garrison.
They command all and,
No force make them less,
They roared and crushed.
Scattered were the dead.
They charged like wind,
Their arms shined,
Blinded the faceless cowards,
Stooped them to sleep forever.

**Phalgunan T.T.V**
**HST English**



# Drama of life

There were times when
We were children,
Ever roared to play a folklore,
A funny sequence of life's share.
Characters beasts and men,
Occupied our hearts then,
Innocence braided like beads,
On a chain, wore always on the ways.
Now chasms made us to forget,
As each one dragged us to target,
Joys, those fruits in a dark terrain,
Of life's drama inviting pain.

Phalgunan T.T.V
HST English



# Vanished Tears

**Alone I said along;**
**Above me the bluish carpet.**
**When I called on that ideal land,**
**Whereas I saw the pearls peering;**
**Are they gazing at me? At this beggar!**

**Just, differ from the dailies**
**I couldn't see, other's scrutinizing eyes**
**Fixed at this poor, ugly beggar**
**For oft, now when I wander there,**
**Felt like the spiritual magic fixed**
**Their gaze at me, at this beggar!**

**Amazed, where's those hurting eyes?**
**Why here by things are admiring at me!**
**Can't found the cutting knives there,**
**I looked there, for the hurting gaze,**
**Nowhere have I found it…..**
**A sudden, someone pushed me,**
**I lied down, fluttered, opened my eyes**
**A black giant appeared at me**
**Whom without any arms or legs,**
**A human less existence; like me,**
**Like this ugly beggar.**

**It made me afraid, a while**
**Soon it vanished, doubled,**

Was it vanished with my sorrows?
Felt, myself as a happy clown then!

a blood red ball with a
Sharp shine appeared
Made a horizon way for me,
Walked alone along the way
An aroma of the sided flowers,
Strucked my heart.

A magical land opened for this
Ugly beggar! Then!
Angels of god, whom I call
Touched me for an instant,
Sudden I opened my eyes.
My expectations blowed around,
I started looking at myself in that mirror.

I couldn’t see me anywhere;
I for a while, returned and enriched
I could see the extreme beauty
Of the world and the heaven- witty
Without my permission, the
Me, in that mirror said to me,
I heard the voice of god in it,

“Son, you’re the one,
Can make the world alive;
Living world is been dying

**Selfishness made them blind,**
**I read you, son you're not**
**The ugly beggar.**
**You can make the world**
**Brighter, stunning as this world"**

**I flied down, the sunshine blessed me,**
**This dream followed me,**
**To chase up my DREAM...**
**And " I'M NOT AN UGLY BEGGAR "**

**Afra Ahammed**
**10 C**

# വളപ്പൊട്ടുകൾ

നിറങ്ങളോടായിരുന്ന പ്രണയം.പല നിറത്തിലുള്ള നിറങ്ങളോട്-
പലനിറത്തിലുള്ള
കുപ്പിവളപ്പൊട്ടുകളോടായിരുന്നതതിലേറെയിഷ്ടം.
വളപ്പൊട്ടുകളെല്ലാം ശേഖരിക്കും.എവിടെ സൂക്ഷിച്ചുവയ്ക്കും.... ആരും
കാണാതെ ആരും
കൊണ്ടുപോകാതെ
സൂക്ഷിക്കാനുള്ളൊരിടവും
കണ്ടെത്തി...മണ്ണിനടിയിൽ...
പലനിറത്തിലുള്ള കുപ്പിവളപ്പൊട്ടുകൾ
ശേഖരിച്ച് ചെറിയൊരു കുഴിയെടുത്ത്
കുഴിച്ചുമൂടും.എന്റെ നിറങ്ങളെ
ഇനിയാരും
കൊണ്ടുപോകില്ല.കാണാൻ



തോന്നുമ്പോഴൊക്കെ മണ്ണിൽ നിന്ന് കുഴിച്ചെടുക്കും.ഓരോ
നിറങ്ങളെയായി മണ്ണിൽ നിന്നും കണ്ടെത്തുമ്പോഴുള്ള ആ
ആനന്ദം...കുഴിച്ചിടുമ്പോൾ അടയാളം വച്ചാൽ. അടുത്ത പ്രാവശ്യം
വേഗം കണ്ടെത്താം.പക്ഷേ,അടയാളമൊന്നും വയ്ക്കാതെ
കുഴിച്ചിടാനാണിഷ്ടം.കുറേ നേരം അന്വേഷിച്ച് കിട്ടുമ്പോൾ ഇഷ്ടം
കൂടുമല്ലോ.അങ്ങനെ എത്ര എത്ര നിറങ്ങളെ ഞാനാ മണ്ണിൽ
സൂക്ഷിച്ചിരിക്കുന്നു...ആ മണ്ണ് എന്റെ സ്വന്തമല്ലെന്നറിഞ്ഞിട്ടും
ഇപ്പോഴും എന്നെ കാത്ത് ആ നിറങ്ങളവിടെ
കാത്തിരിപ്പുണ്ടാവുമോ.....

-സബിത.പി
HST Natural Science

# പുതുമഴ

കാത്തുകാത്തിരുന്നൊരാ സുദിനം
വർഷം ആനന്ദഹർഷമായി;എന്റെ
മുറ്റത്ത് തുള്ളിയായ്;വരണ്ട ഭൂമിയെ
പുൽകി പതിക്കവെ....

സുഖദമാലസ്യ നിർവൃതിയാൽ സുധഃ
കോരിത്തരിക്കവേ....
ഇന്നലെയോളം തിളക്കുന്ന
ചൂടിലേക്കിറങ്ങാൻ മടിച്ച ഞാൻ

പറയാനറിയാത്തൊരാനന്ദ നിർവൃതിയാലീ
മുറ്റത്തൊന്നു വട്ടം കറങ്ങവെ...
അടുക്കള ഗ്രില്ലിനിടയിലൂടമ്മതൻ
നേത്രങ്ങളുഗ്രമായെന്ന തലോടവെ

പിന്നെയാ ചുണ്ടിൽ തെളിയുന്ന പുഞ്ചിരി
ഈ മഴത്തുള്ളിയെ പോലെ
കണ്ണടയിലൂടെ ദിനപത്രത്തിലെ ´നിപ´യെ
തുരന്നുതിന്നുന്ന മുഷ്ക്കത്തി

മകളെ വിളിച്ചു കൊണ്ടോടി വരാന്തയിലേ-
ക്കെന്ന ശകാരമഴയിൽ കുളിപ്പിക്കാൻ
ഉള്ളം കയ്യാലീ മുത്തുകളെ തട്ടിത്തുവി-

ക്കൊണ്ടൊന്നുകൂടി കറങ്ങിത്തിരിയവെ

എന്തുകൊണ്ടോ സാകൂതമെന്നെ നോക്കി
ളുണിൽ ചാരി നിൽക്കുന്നുണ്ടമ്മൂമ്മ;
മധ്യസ്ഥയായ് ഓടിവന്നൊരമ്മയും
മഴയിൽ മയങ്ങി നിൽക്കവെ

ഒന്നുമിന്നി കൊള്ളിയാൽ മുഴക്കവും
ഓടിയണഞ്ഞു ഞാനമ്മതൻ
കൈക്കുള്ളിൽ തലപ്പാൽ;
തലതുടച്ചുകൊണ്ടമ്മയും

ബാല്യകൗമാരത്തിന്റെ ഓർമ്മ
കുളിരിന് കാലഭേദമില്ലാ ഒരു നാളും
പുറത്തുമഴ കനച്ചു പെയ്യവെ
അകത്തിരുന്നാമഴ നനഞ്ഞു കുതിർത്തു ഞാൻ...

അളകനന്ദ.കെ.



IX-D

# സെമിനാർ റിപ്പോർട്ട്

## പോളിഹൗസ് ഫാമിംഗ്

### ഉള്ളടക്കം

- കൃഷി അന്നും ഇന്നും
- പോളിഹൗസ് നിർമാണത്തിന് ശ്രദ്ധിക്കേണ്ടത്
- പോളിഹൗസ് നിർമാണം
- പോളിഹൗസിനുള്ളിലെ കൃഷി

# കൃഷി അന്നും ഇന്നും

കൃഷി കേരളസംസ്കാരത്തിന്റെ ഭാഗം തന്നെയാണ്. നാം പുരാതനകാ ലം മുതൽതന്നെ കൃഷിചെയ്തുവരുന്നു. അതായത് ഏകദേശം നവീനശിലാ യുഗം മുതൽ തന്നെ നാം കൃഷി ആരംഭിച്ചുവെന്ന് ചരിത്രം വെളിവാക്കുന്നു.

കൃഷി തന്നെയാണ് നമ്മുടെ ജീവിതത്തിന്റെ അടിത്തറ എന്നുതന്നെ നമു ക്കു പറയാൻ കഴിയും. കൃഷി ചെയ്യാൻ ആവശ്യമായ അടിസ്ഥാന ഘടക ങ്ങളാണ് ജലം, അനുയോജ്യമായ കാലാവസ്ഥ, വളക്കൂറുള്ള മണ്ണ് മുത ലായവ.ഇതിനുപുറമെ മനുഷ്യ അധ്വാനവും കൂടിയെ തീരൂ.കേരളത്തിൽ പ്രധാനമായും ലാറ്ററൈറ്റ്,ചെമ്മണ്ണ്,വനമണ്ണ്,എക്കൽമണ്ണ് എന്നിവകാണ പ്പെടുന്നുണ്ട്.ഇവയിൽ എക്കൽമണ്ണും വനമണ്ണും കൃഷിക്ക് അനുയോജ്യമാ ണ്.

കേരളം ജലലഭ്യതയുടെ കാര്യത്തിൽ മുൻപന്തിയിലാണ്.വാർഷികമഴ 3oo സെ.മി-ഓ അതിൽ കൂടുതലോ ആണ്.കൂടാതെ44 നദികളാൽ സമ്പന്നമാണ് നമ്മുടെ കേരളം. കേരളത്തിന്റെ കാർഷികവൈവിധ്യം കേട്ടറിഞ്ഞ് എത്ര വിദേശികൾ വന്നിട്ടുണ്ടെന്നതിന് കണക്കില്ല.പണ്ട് നമ്മുടെ നാട്ടിൽ നിന്നും സുഗന്ധവ്യഞ്ജനങ്ങളും മറ്റും അവരുടെനാട്ടിലേക്ക് കൊ



ണ്ടുപോകുമ്പോൾ കോഴിക്കോട് ഭരിച്ചിരുന്ന സാമൂതിരി ഇങ്ങനെ അഭിപ്രായപ്പെടുകയുണ്ടായി:അവർക്ക് നമ്മുടെ നാട്ടിൽ നിന്നും നമ്മുടെ ഉൽപ്പന്നങ്ങൾ മാത്രമാണ് കൊണ്ടുപോ കാൻ പറ്റുന്നത്.പക്ഷേ അവർക്ക് നമ്മുടെഞാറ്റുവേലകൾ കൊണ്ടുപോകാ ൻ സാധിക്കില്ല.” ഇതിലൂടെ കേരളത്തിന്റെ അത്യുൽപ്പാദനശേഷിയേക്കു

റിച്ച് മനസിലാക്കാം.

ഇന്ന് കാലം പുരോഗമിച്ചിരിക്കുന്നു. കൃഷി യന്ത്രവൽകൃതമായി.പണ്ട് വയൽ കലപ്പകൊണ്ട് ഉഴുതുമറിച്ചപ്പോൾ ഇന്ന് ട്രാക്ടർ ഉപയോഗിക്കാൻ തുടങ്ങി.എന്തിന്,കൊയ്ത്തും മെതിക്കലുമടക്കം യന്ത്രവൽകൃതമായി.കാലം പുരോഗമിക്കുമ്പോൾ സാങ്കേതികവിദ്യകൾ കൂടി പുരോഗമിക്കുന്നു.പക്ഷേ, കൃഷി പുരോഗതി പ്രാപിക്കുന്നില്ല എന്നത് വളരെ ലജ്ജാവഹമായ കാര്യമാണ്.2013-ൽ നാഷണൽ സാമ്പിൾ സർവ്വെ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം ഇന്ത്യയിൽ 90.2 ദശലക്ഷം ജനങ്ങളാണ് കർഷകർ.അതിലേറ്റവും കുറവ് കേരളത്തിലാണ്.വെറും 27.3% മാത്രമാണ്  കേരളത്തിലെ കർഷകകുടുംബങ്ങൾ.അതിന് പ്രധാനകാരണം കേരളത്തിലെ ജനങ്ങൾ അധ്വാനിക്കാൻ മടിയുള്ളവരാണ്.കൂടാതെ കാർഷികമേഖലയിലെ പ്രതിസന്ധികൾ അവരെ കൃഷിയിൽ നിന്ന് ഭിന്നിപ്പിക്കുന്നു.അവർ നേരിടുന്ന പ്രധാന വെല്ലുവിളിയാണ് കാലാവസ്ഥാമാറ്റം,വിളനഷ്ടം മുതലായവ. ഈ വെല്ലുവിളികളെ മറികടക്കുവാനുള്ള സാധ്യത എന്ന മട്ടിൽ വികസിച്ചുവന്ന ഒരു നൂതന കൃഷിരീതിയാണ് "പോളീഹൗസ് ഫാർമിംഗ്".പോളിത്തീൻ ഷീറ്റുകൊണ്ട് കൃഷിസ്ഥലം പൂർണ്ണമായോ ഭാഗികമായോ മൂടി നിർമ്മിക്കുന്ന സംവിധാനമാണ് പോളീഹൗസ് ഫാർമിംഗ്. പോളീഹൗസിലെ താപനിലയും ഈർപ്പവും സ്ഥിരമായി ക്രമീകരിക്കുന്നതിലൂടെ സസ്യവളർച്ച ദ്രുതഗതിയിലാകുന്നു. വെള്ളത്തിൽ പോഷകഘടകങ്ങൾ ലയിപ്പിച്ച് തുള്ളിനനയിലൂടെ നൽകുന്നു.പോളീഹൗസിന്റെ വശങ്ങൾ വലയുപയോഗിച്ച് മറക്കുന്നതിനാൽ കീടങ്ങൾ കുറവാണ്.തുടക്കത്തിൽ ചെലവേറുമെങ്കിലും സാധാരണ കൃഷിയിടത്തേക്കാൾ കൂടുതൽ വിളവ് ഈ സംവിധാനത്തിൽ നിന്ന് ലഭ്യമാകുന്നു.

## <u>പോളീഹൗസ് നിർമ്മിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ</u>

- നല്ല സൂര്യപ്രകാശവും നീർവാഴ്ചയും ഉറപ്പുള്ള സ്ഥലമാകണം തെരഞ്ഞെടുക്കാൻ
- കൃഷിസ്ഥലം ചുറ്റുമുള്ള സ്ഥലത്തേക്കാൾ ഉയർന്ന പ്രതലത്തിലായിരിക്കണം.
- മണ്ണിന്റെ PH(അമ്ലത) 5.5 നും 6.5 നും ഇടയിലായിരിക്കണം.
- വൈദ്യുതചാലകത 5 ഓ 7 ഓ മില്ലീമോൾ ആയിരിക്കണം.
- ഗുണനിലവാരമുള്ള ജലം സുലഭമായിരിക്കണം.
- വിപണനസാധ്യത മുന്നിൽക്കണ്ട് ഗതാഗതസൗകര്യമുള്ള സ്ഥലമായിരിക്കണം.
- അധികം കാറ്റുള്ള സ്ഥലം തെരഞ്ഞെടുക്കരുത്.

## പോളീഹൗസ് നിർമ്മാണം

തുറസ്സായവായുസഞ്ചാരമുള്ള(ഓപ്പൺവെന്റിലേറ്റർ)പോളീഹൗസുകളാണ് നമ്മുടെ സംസ്ഥാനത്തിന് യോജിച്ചത്. ചുറ്റിനും നെറ്റുകൾ സ്ഥാപിച്ച് വായുസഞ്ചാരം ഉറപ്പാക്കി താപനില നിയന്ത്രിക്കുന്ന വായുസഞ്ചാരമുള്ള പോളീഹൗസുകളിൽ വൈദ്യുതി ഉപയോ ഗം കുറവാണ്.ഒരു ചതുരശ്രമീറ്റർ പോളീഹൗസ് നിർമ്മിക്കാൻ ഏകദേശം 13,000 രൂപ ചെലവാകും. തെക്കുവടക്കുദിശയിൽ ഗ്രീൻഹൗസ് സ്ഥാപിക്കുന്നത് പടിഞ്ഞാറൻകാറ്റിന്റെ സുഗമമായ പ്രവാഹത്തിന് സഹായകമാകും.ഇതിലൂടെ ചെടികൾ പരസ്പരം തണൽപരത്തുന്നത് ഒഴിവാക്കുവാനാകും.അറക്കവാളിന്റെ മുനയുടെ ആകൃതിയിലുള്ള (“സ"ആകൃതി)പോളീഹൗസുകളാണ് കേരളത്തിൽ നല്ലത്.

പോളീഹൗസിന്റെ ഫ്രെയിം B-CLASS G.I PIPE  ഉപയോഗിച്ച് നിർമ്മിക്കാം. വീതി 7 മുതൽ 9 മീറ്റർ വരെ മതിയാകും.കൂടുതൽ വീതിയിൽ പണിയുകയാണെങ്കിൽ പാത്തിവച്ച സ്പാനുകൾ കൂട്ടേണ്ടി വരും.പോളീഹൗസിൽ പ്രവേശിക്കുന്നതിനായി കുറഞ്ഞത് 1.5M വീതിയും 6 അടി ഉയരവുമുള്ള രണ്ട് വാതിലുകൾ ഒന്നിനുപിറകെ ഒന്നായി സ്ഥാപിക്കണം.

പോളീഹൗസിനുള്ളിൽ  കീടങ്ങൾ കടക്കുന്നത് തടയാൻ ഇരട്ടവാതിൽ സഹായകമാകും.മേൽക്കൂരയുടെ നാല് വശങ്ങളും  75cm പുറത്തേക്ക് തള്ളിനിൽക്കുന്നത് മഴക്കാലത്ത് വെള്ളം ഉള്ളിൽ കടക്കുന്നത് തടയും.

ചെടികൾ ഉച്ഛ്വസിക്കുന്ന $CO_2$ പോളീഹൗസിനകത്തുതന്നെ തങ്ങിനിൽക്കാൻ ഇത് സഹായകമാകും.ഇത്തരത്തിൽ $CO_2$ വർദ്ധിച്ചാൽ സസ്യങ്ങളിൽ പ്രകാശസംശ്ലേഷണതോത് കൂടും. ഉൽപ്പാദനം വർദ്ധിക്കുകയും ചെയ്യും.

## പോളീഹൗസിനുള്ളിലെ കൃഷി



എല്ലാ വിളകളും പോളീഹൗസിനുള്ളിൽ കൃഷിചെയ്യാൻ പറ്റില്ല.
സാലഡ്,വെള്ളരി,കാപ്സിക്കം,തക്കാളി,പയർ,വെണ്ട ,മുളക് തുടങ്ങിയ പച്ചക്കറികളും ജർബറ പോലുള്ള പൂച്ചെടി

കളും സ്ട്രോബെറിയും പോളീഹൗസിനുള്ളിൽവളർത്താം.അതേസമയം തെങ്ങ്,കവുങ്ങ് തുടങ്ങിയ ദീർഘകാകവിളകളും കുരുമുളക്,ഏലം പോലുള്ള സുഗന്ധവിളകളും പോളീഹൗസിനള്ളിൽ കൃഷിചെയ്യാൻ അനുയോജ്യമല്ല.പരപരാഗണം നടത്തുന്ന വിളകളിൽ കൃത്രിമപരാഗണം വേണ്ടിവരും.പരിശീലനം നേടിയ കർഷകർക്കുമാത്രമെ പോളീഹൗസിൽ വിജയകരമായി കൃഷിചെയ്യാൻ സാധിക്കുകയുള്ളൂ.

**സിനു.പി.വി**

**8.D**

## *കാർഷിക സെമിനാറിൽ ഒന്നാം സ്ഥാനം നേടിയ സെമിനാർ റിപ്പോർട്ടിന്റെ ചുരുക്കം*

# അലതല്ലി...

നിലാവു മായാത്ത രാത്രിയിൽ ഏകാന്തമായി ആകാശത്തെ നോക്കിക്കിടക്കുമ്പോൾ, ഞാൻ ആത്മാവിലേക്കൊന്നു തിരിഞ്ഞുനോക്കാൻ പാടുപെട്ടു. ഉറക്കം കൺപോളകൾ ഊഞ്ഞാലു കെട്ടിയപ്പോൾ പുഴയിൽ നിന്ന് ഓളങ്ങൾ അടിച്ചുയരുന്ന ശബ്ദം. അതൊരു സംഗീതമാണെന്ന് 'റൈൻ നദിയുടെ ഓളങ്ങളിൽ' വായിച്ചതായി ഓർമ്മ വന്നു. പൊടുന്നനെ ഉള്ളിന്റെയുള്ളിൽ ഒരു ചിരി ഉദിച്ചുയർന്നു.അത് വിലാസിനിയുടേതായിരുന്നു.സ്കൂൾ കാലം മുതൽക്കേ എന്റെ ആത്മാവിന്റെ ഭാഗമായവൾ, എന്റെ കൂട്ടുകാരി- വിലാസിനി...! മനസ്സിൽ ഓർമകൾ അലതല്ലി. പുളിയൻ മാങ്ങയുടെ ചില്ലയൊടിച്ചതും നെല്ലിക്ക കടിക്കുക എന്ന 'യുദ്ധം ചെയ്തതും' ചമ്മന്തി മറുകിട്ട ചോറ്റുപാത്രങ്ങൾ തട്ടിയെടുത്തതുമൊക്കെ ഞങ്ങൾ ഒന്നിച്ചായിരുന്നു. എല്ലാം കാലഹരണപ്പെട്ടിരിക്കുന്നു. ഇന്നലെ വരെ. നഗരത്തിലെ ദുഷിച്ച മനസ്സുകൾക്കിടയിൽ ചീഞ്ഞുനാറിയിരുന്ന എന്റെയീ മനസ്സും ശരീരവും ഇന്നീ പുഴയോരത്ത് ഓർമ്മകളാൽ സമ്പന്നമാകുന്നത് തെല്ലൊരു വേദനയോടെയായിരുന്നു. ജീവിത പ്രാരാബ്ധങ്ങളുടെയും ദുഃഖങ്ങളുടെയും നടുവിൽ ഓർമ്മകളാണ് നമ്മെ നാം ആക്കുന്നത്. ഓർമ്മകൾ ഇല്ലെങ്കിൽ ജീവിതത്തിനു എന്തർത്ഥമാണുള്ളത്? അതുകൊണ്ടാണല്ലോ മഹാന്മാരൊക്കെയും ഓർമ്മകളെ പാടിപ്പുകഴ്ത്തിയത്! അറ്റമില്ലാത്ത ചിന്തകളെ എവിടെ നിന്നോ വീശിയ തെക്കൻ കാറ്റ് ആട്ടിയോടിച്ചു. ആ കുസൃതിക്കാറ്റിൽ തെല്ലൊന്ന് മയങ്ങി.

സ്കൂളിന്റെ പടിവാതിൽ മുന്നിൽ. പിന്നെ, സംഗമങ്ങളുടെ എക്കാലത്തെയും മുഖമുദ്രയായ ആ നീണ്ട ഇടനാഴി.... ഒരുമിച്ചു പഠിച്ച കൂട്ടുകാർ, അധ്യാപകർ,അവസാനമായി അവൾ...

സ്വപ്നത്തിൽ നിന്ന് ഞെട്ടിയുണരുമ്പോൾ കവിൾത്തടം നനഞ്ഞുകുതിർന്നിരിക്കുന്നു. ഇരുകൈകളും കൂപ്പി ഞാൻ പുഴയുടെ അഗാധതയെ നോക്കി.

അന്ന് പറ്റിയ ആ കൈയ്യബദ്ധം ഇന്നും മനസ്സിനെ മരവിപ്പിക്കുന്നതായി ഞാൻ തിരിച്ചറിഞ്ഞു.


ഉച്ചയ്ക്കായിരുന്നു അന്ന് സ്കൂൾ വിട്ടത്. ഇതേ പുഴയുടെ തീരത്ത്, വന്നിരുന്ന് ഞാനും വിലാസിനിയും ഏറെ നേരം സംസാരിച്ചുകൊണ്ടിരുന്നു. സുമലതയുടെയും ഗിരിജയുടെയും  അഹങ്കാരവും മാഷന്മാരുടെ മിമിക്രി കാണിക്കലുമൊക്കെയായിരുന്നു അന്നത്തെയും കലാപരിപാടി. അവസാനം, വെള്ളത്തിലൊന്നു തിമിർക്കാൻ തന്നെയായി ഞങ്ങളുടെ തീരുമാനം.

ഹാ! എത്ര വേദനാജകമാണത്. ആ തീരുമാനം ഇന്നും എന്റെ നെഞ്ചിടിപ്പ് വർധിപ്പിക്കുന്നു. കൈകാലുകൾ വിറയ്ക്കുന്നു. ഈ കൈ, ഈ വലത്തേ കൈകൊണ്ടാണല്ലോ ദൈവമേ, ഞാനവളെ, മുന്നോട്ടുതള്ളിയത്. പക്ഷേ, ഞാൻ ഒരിക്കലുമറിഞ്ഞില്ല, ആ കളിതമാശയിൽ അവൾ ഇനിയൊരിക്കലും തിരിച്ചുവരാൻ പറ്റാത്തവിധം മാഞ്ഞുപോകുമെന്ന്.പുഴയുടെ ആഴങ്ങളിലേക്ക് വഴുതി വീണ് മറയും വരെയുള്ള അവളുടെ മുഖം ഇന്നും എന്റെ ഹൃദയത്തെ വേട്ടയാടുന്നു. എത്രയെത്ര സ്വപ്നങ്ങളും മോഹങ്ങളുമാണ് എന്റെ ഈ കൈ തച്ചുതകർത്തത്! ഇല്ല വിലാസിനി... നിനക്കു മരണമില്ല നീ എന്റെ കൺമുന്നിൽ തന്നെയുണ്ട്. ഈ പുഴയിൽ നിന്റെ ആത്മാവുണ്ട്.നീ മരിച്ചിട്ടില്ല...ഭ്രാന്തമായി അലറിച്ചിരിക്കുമ്പോൾ ഞാൻ മെല്ലെയൊന്ന് ആകാശത്തേക്ക് നോക്കി.അത്യധികം കരുണാർദ്രമായി അവിടെയൊരു നക്ഷത്രം മിന്നിത്തിളങ്ങുന്നുണ്ടായിരുന്നു. അവളുടെ പുഞ്ചിരിയെപ്പോലെ...

മിഴി വി.പി.

10 A

# Digital Paintings





- സുരാജ് ടി വി

IX B


യദു കൃഷ്ണൻ ടി.പി.
9 B


ലിയാഖത്ത് സുൽഫിക്കർ


petals
നന്ദി...